# ഹിന്ദു സിവിൽ നിയമങ്ങളിൽ ഭേദഗതികൾ

ശഹ്നാസ് ബീഗം

സ്വാതന്ത്ര്യാനന്തരം ഹിന്ദുക്കളെ ഉദ്ദേശിച്ച് പല സിവിൽ നിയമ നിർമാണങ്ങളും നടക്കുകയുണ്ടായി. ഹിന്ദു വിവാഹ ആക്ട്, പ്രത്യേക വിവാഹ ആക്ട്, സ്ത്രീധന നിരോധന ആക്ട്, ഹിന്ദു പിന്തുടർച്ചാ ആക്ട്, ഹിന്ദു ദത്തവകാശ-ജീവനാംശ ആക്ട് (Hindu Adoption and Maintanance Act) എന്നിവ ഇതിൽ പെടുന്നു

### പിന്തുടർച്ചാവകാശ നിയമം

പ്രാചീന ഹിന്ദു നിയമപ്രകാരം സ്വത്തവകാശം സിദ്ധിച്ചിരുന്നത് രണ്ടു വിധത്തിലായിരുന്നു. ഒന്ന്, അതിജീവിക്കുന്നത് മൂലമുള്ള അവകാശം. രണ്ട്, പിന്തുടർച്ച വഴിക്കുള്ള അവകാശം. കൂട്ടുകുടുംബത്തിൽ ഒരു ഹിന്ദുവിന്റെ വ്യക്തിപരമായ അവകാശത്തിന് ബാധകമായതാണ് ആദ്യത്തെ രീതി. ഒരു ഹിന്ദുവിന്റെ സ്വാർജിത സ്വത്തിനോ പ്രത്യേക സ്വത്തിനോ ബാധകമാവുന്നതാണ് രണ്ടാമത്തേത്. ഇതനുസരിച്ച് ഒരു ഹിന്ദു സ്ത്രീക്ക് മരിച്ചുപോയ ഭർത്താവിന്റെ സ്വത്തിൽ അനിയന്ത്രിതമായ കൈകാര്യാവകാശം സിദ്ധിക്കുകയില്ല. ജീവികാവൃത്തിക്കുള്ള പരിമിതാവകാശമേയുള്ളൂ. സ്വത്ത് കൈകാര്യത്തിനുള്ള സമ്പൂർണാവകാശം ഇതര പുരുഷ ഏജന്റുമാർക്കോ അന്തരിച്ച ഭർത്താവിന്റെ ബന്ധുക്കൾക്കോ ആയിരുന്നു. എന്നാൽ, 1956-ലെ ഹിന്ദു പിന്തുടർച്ചാ ആക്ട് മൂലം ഈ സ്ഥിതിക്ക് പാടെ മാറ്റം വന്നിരിക്കുകയാണ്. സ്ത്രീയുടെ അവകാശത്തിനുള്ള അയോഗ്യതകൾ താഴെ പറയുന്ന രീതികളിൽ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു:

1. മുമ്പ് ഒരു ഹിന്ദു മരിച്ചാൽ അയാളുടെ സ്വത്തിനവകാശികൾ ആൺസന്തതികൾ മാത്രമായിരുന്നു. ഇപ്പോഴാകട്ടെ, ആൺമക്കളും പെൺമക്കളും വിധവയും മാതാവും അന്തരിച്ച വ്യക്തിയുടെ സ്വത്തിന് ഒരേസമയം തുല്യ ഓഹരിക്ക് അവകാശികളാണ്. അങ്ങനെ മരിച്ച വ്യക്തിയുടെ സ്വത്തിന് യാതൊരവകാശവുമില്ലാതിരുന്ന പെൺമക്കളും മാതാവും ആൺമക്കളോടൊപ്പം തുല്യ ഓഹരിക്കുടമകളായിത്തീർന്നു. അതുപോലെത്തന്നെ, ജീവികാവൃത്തിക്ക് മാത്രം അവകാശമുണ്ടായിരുന്ന വിധവക്കും ആൺമക്കൾക്കൊപ്പം സമാവകാശം സിദ്ധിച്ചു.

2. പ്രാചീനകാലം മുതൽക്കേ ഹിന്ദുക്കളിൽ നിലനിന്നുപോന്നിരുന്നതാണ് കൂട്ടുകുടുംബ സമ്പ്രദായം. കൂട്ടുകുടുംബത്തിലെ പുരുഷാംഗങ്ങൾ അവിഭാജ്യസ്വത്തിലെ കൂട്ടവകാശികൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. പഴയ നിയമമനുസരിച്ച് കൂട്ടുകുടുംബത്തിലെ ഒരംഗം മരിച്ചാൽ, കുടുംബസ്വത്തിൽ അയാൾക്കുള്ള അവിഭക്ത ഓഹരി ജീവിച്ചിരിക്കുന്ന ഇതര കൂട്ടവകാശികളിലാണ് ലയിക്കുക; മരിച്ച വ്യക്തിയുടെ പിന്തുടർച്ചക്കാരിലല്ല. 1956-ലെ ഹിന്ദു പിന്തുടർച്ചാവകാശ ആക്ട് നടപ്പിലായതോടെയാണ് ഈ സ്ഥിതിക്ക് മാറ്റം വന്നത്. കൂട്ടുകുടുംബസ്വത്താണെങ്കിലും പിന്തുടർച്ചാവകാശപ്രകാരമാണ് സ്വത്ത് ഭാഗിക്കപ്പെടുക എന്ന് നിയമം വ്യക്തമായി പറയുന്നുണ്ട്. ഒരു ഹിന്ദു കൂട്ടുകുടുംബത്തിൽ ഒരംഗം മരിച്ചാൽ അയാളുടെ സ്വത്തവകാശം ഭാര്യക്കും പെൺകുട്ടികൾക്കും ലഭിക്കുന്നതിനു പകരം ജീവിച്ചിരിക്കുന്ന അമ്മാവനും അമ്മാവന്റെ ആൺമക്കൾക്കും ലഭിക്കുന്ന അവസ്ഥ ഇതോടെ ഇല്ലാതായി. മരിച്ച വ്യക്തിയുടെ ഭാര്യക്കോ പെൺമക്കൾക്കോ പുതിയ ആക്ടനുസരിച്ച് പൂർണാവകാശം സിദ്ധിക്കുന്നതാണ്.

3. സ്വത്തിൽ മുമ്പ് അനിയന്ത്രിതാധികാരമില്ലാതിരുന്ന സ്ത്രീക്ക് ഇപ്പോൾ ദായധനത്തിൽ പരിപൂർണമായ വിനിയോഗ-നിയന്ത്രണാവകാശം സിദ്ധിച്ചിരിക്കുന്നു. മുമ്പ് വിധവക്ക് അനന്തരസ്വത്തിൽ പരിമിതമായ ഓഹരിയേ ഉണ്ടായിരുന്നുള്ളൂ. ദായസ്വത്തിൽ 'വിധവയുടെ എസ്റ്റേറ്റ്' എന്ന് വിളിക്കപ്പെട്ടിരുന്ന ഈ ഓഹരി വിൽപന നടത്താൻ അവൾക്കധികാരമുണ്ടായിരുന്നില്ല. എന്നാൽ, പുതിയ നിയമം അത് വിൽക്കുകയോ ദാനം ചെയ്യുകയോ കൈമാറ്റം നടത്തുകയോ ചെയ്യാൻ അവൾക്ക് പൂർണമായ അവകാശം നൽകുന്നു.

4. മരണപത്രപ്രകാരമോ ഭാഗംവെക്കൽ മുഖേനയോ സ്ത്രീ അനന്തരമെടുക്കുന്ന സ്വത്തിനോടനുബന്ധിച്ച നിയമത്തിലും മാറ്റം വന്നിട്ടുണ്ട്. ഇവ്വിധം സ്ത്രീ അനന്തരമെടുക്കുന്ന സ്വത്തിലും പരിമിതാവകാശത്തിനു പകരം പരിപൂർണാവകാശമുണ്ടായിരിക്കും അവൾക്ക്.

5. ശാസ്ത്രങ്ങളെ അനുധാവനം ചെയ്തിരുന്ന പഴയ ഹിന്ദുനിയമം, അനന്തരാവകാശികളുടെ നിർവചനം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി ചെയ്യപ്പെട്ടിരിക്കുകയാണ്. ഇന്ന് ഒരു ഹിന്ദു മരിച്ചാൽ മകൻ, മകൾ, മരിച്ച വ്യക്തിയുടെ ഭാര്യ, മാതാവ്, ജീവിച്ചിരിപ്പില്ലാത്ത മകന്റെയും മകളുടെയും ആൺ-പെൺ സന്തതികൾ, ജീവിച്ചിരിപ്പില്ലാത്ത മകന്റെ വിധവ തുടങ്ങിയവർ അയാളുടെ സ്വത്തവകാശികളായി വരും. മുൻ നിയമപ്രകാരം, മരിച്ച വ്യക്തിയുടെ കുടുംബാംഗങ്ങളായി പോലും പരിഗണിക്കപ്പെടാതിരുന്ന സ്ത്രീ ബന്ധുക്കളും ഈ പട്ടികയിലുൾപ്പെടുന്നു. മരിച്ച പുത്രന്റെയും പുത്രിയുടെയും പുത്രിമാർ ഉദാഹരണം.

6. ഒരു ഹിന്ദു മരിച്ചു. അയാൾക്ക് ഭാര്യയും പെൺമക്കളുമാണുള്ളത്. വിധവ തനിക്കുള്ള സ്നേഹവാത്സല്യത്താൽ ഭർത്താവിന്റെ സ്ഥാവരസ്വത്തുക്കൾ പെൺമക്കൾക്ക് ദാനം ചെയ്തുവെന്ന് സങ്കൽപിക്കുക. 1956-ലെ ആക്ട് പാസാകുന്നതിനു മുമ്പ് ഈ ദാനത്തിനെതിരിൽ ദാനം നൽകപ്പെട്ടവരുടെ അമ്മാവന്മാർക്കും മച്ചുനന്മാർക്കും കോടതിയെ സമീപിക്കാമായിരുന്നു. അത്തരം സ്വത്തുക്കളിൽ വിധവക്ക് അവളുടെ ജീവിതകാലത്തല്ലാതെ അവകാശമില്ല എന്നതാണ് കാരണം. എന്നാൽ ഇന്ന് നിയമം അത്തരം ദാനങ്ങൾ അംഗീകരി

ച്ചിരിക്കുകയാണ്.

പുതിയ നിയമം മുഖേനയുള്ള മാറ്റങ്ങൾ താഴെ വിശദീകരണത്തിൽനിന്ന് കൂടുതൽ വ്യക്തമാകുന്നതാണ്:

**(എ)** മകൻ, മകൾ, അമ്മ, അഛൻ എന്നിവരെ വിട്ടേച്ചുകൊണ്ട് 'എ' മരിക്കുന്നു. മകനും മകളും അമ്മയും ഒരേസമയം മുഴുവൻ സ്വത്തിനും അവകാശികളാവുമ്പോൾ മരിച്ച വ്യക്തിയുടെ അഛന് യാതൊരു ഓഹരിയും ലഭിക്കുന്നതല്ല. മകനും മകളും അമ്മയും ക്ലാസ് I അവകാശികളാണെന്നതാണത്രെ കാരണം. അവരുടെ സാന്നിധ്യത്തിൽ അഛൻ ക്ലാസ് II അവകാശി മാത്രമാണ്. അതിനാൽ അയാൾക്ക് ഓഹരിയൊന്നും ലഭിക്കുകയില്ല. മുമ്പ് നേരെ മറിച്ചായിരുന്നു സ്ഥിതി.

**(ബി)** തന്റെ കൂട്ടുകുടുംബസ്വത്ത് വിഭജിക്കപ്പെടാതെ 'എ' മരിക്കുന്നു. അയാളുടെ ഒരു വിധവയും ഒരു മകളും മാത്രമേ ജീവിച്ചിരിപ്പുള്ളൂ; പുതിയ സന്താനങ്ങളൊന്നുമില്ല. പുതിയ നിയമപ്രകാരം അവിഭക്ത ഓഹരിയുടെ പൂർണാവകാശം ക്ലാസ് I അവകാശികളെന്ന നിലക്ക് മേൽ സ്ത്രീകൾക്ക് സിദ്ധിക്കുന്നതായിരിക്കും.

**(സി)** മരിച്ച വ്യക്തിക്ക് ഒരു ഭാര്യയും ഒരു മകനും ഒരു മകളും മാതാവുമാണുള്ളതെന്ന് സങ്കൽപിക്കുക. കൂട്ടുസ്വത്തിൽ പഴയ നിയമപ്രകാരം അവിഭാജ്യ കുടുംബത്തിലെ കൂട്ടവകാശി എന്ന നിലയിൽ മകന്ന് പ്രത്യേക ഓഹരി ലഭിക്കും. അതേസമയം അമ്മക്ക്, വിവാഹിതയാണെങ്കിൽ മകൾക്കും ജീവനാംശത്തിനേ അവകാശമുണ്ടായിരിക്കുകയുള്ളൂ. വിധവക്കാകട്ടെ കൈകാര്യാധികാരമില്ലാത്തവിധം ഓഹരിയും ലഭിക്കും. തന്റെ ജീവിതകാലത്ത് വിധവക്കും പ്രസ്തുത സ്വത്തനുഭവിക്കാമെന്നല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ലെന്നർഥം. പുതിയ നിയമം വന്നതോടെ മരിച്ച വ്യക്തിയുടെ മേൽപറഞ്ഞ നാലവകാശികൾക്കും തുല്യ ഓഹരി ലഭിച്ചു.

7. '56-ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമത്തിനു മുമ്പ് സഹ വിധവമാർക്ക് മരിച്ച വ്യക്തിയുടെ സ്വത്തിൽ തുല്യാവകാശമാണ്. അപരയുടെ അനുവാദമില്ലാതെ ഇരുവർക്കും അതിൽ യാതൊന്നും ചെയ്യാൻ പാടില്ല. പുതിയ നിയമം നടപ്പിലായതോടെ ഓരോരുത്തർക്കും പ്രത്യേകം പൂർണാവകാശം സിദ്ധിച്ചു.

8. വിധവയുടെ പുനർവിവാഹം മരിച്ച ഭർത്താവിന്റെ സ്വത്തിലുള്ള അവകാശത്തിനു തടസ്സമില്ലാതാക്കിയതാണ് പുതിയ നിയമത്തിന്റെ മറ്റൊരു പ്രത്യേകത. മുമ്പ് പുനർവിവാഹം കഴിക്കുന്നതോടെ വിധവയുടെ പരിമിതാവകാശവും നഷ്ടപ്പെടുമായിരുന്നു. ഇപ്പോൾ സ്വന്തം ഭർത്താവ് മരിച്ചു പിറ്റേന്ന് തന്നെ പുനർവിവാഹം ചെയ്താലും അവളുടെ അവകാശത്തെ അത് ബാധിക്കുന്നതല്ല.

## വിവാഹം

പരമ്പരാഗത ഹിന്ദു വീക്ഷണപ്രകാരം വിവാഹം ഒരു കരാറല്ല; ദൈവകൽപിതമായൊരു പവിത്ര ചടങ്ങ് (sacrament) ആകുന്നു. ഹിന്ദുവിവാഹം ഏകീകരിച്ചുകൊണ്ടുള്ള ഏറ്റവും സുപ്രധാനമായ നിയമനിർമാണം 1955-ലെ ഹിന്ദു വിവാഹ ആക്ടോടെയാണ് നടപ്പിൽ വരുന്നത്. ഈ ആക്ടിനു പിന്നീട് 1956-ലും 1960-ലും 1976-ലുമായി മൂന്ന് ഭേദഗതികളുണ്ടായി. മുപ്പതോളം ഖണ്ഡികകളുള്ള സമഗ്രമായൊരു നിയമനിർമാണ നടപടിയാണിത്. വിവാഹമോചനത്തെയും വിവാഹത്തിന്റെ അസാധുതയെയും ആക്ട് ഉൾക്കൊള്ളുന്നുണ്ട്. ആക്ടനുസരിച്ച് താഴെ പറയുന്ന ഉപാധികൾ പൂർത്തീകരിക്കപ്പെടുകയാണെങ്കിൽ, ജാതിവിവേചനം കൂടാതെ രണ്ട് ഹിന്ദുക്കൾ തമ്മിൽ ആർക്കും വിവാഹകർമം നിർവഹിക്കാവുന്നതാണ്:

**(എ)** വിവാഹ സന്ദർഭത്തിൽ രണ്ടു കക്ഷികളിലാർക്കുംതന്നെ മറ്റൊരു ദാമ്പത്യബന്ധമില്ലാതിരിക്കുക.

**(ബി)** വിവാഹ സന്ദർഭത്തിൽ രണ്ട് കക്ഷികളിലാർക്കും ബുദ്ധിമാന്ദ്യമോ ഭ്രാന്തോ ഉള്ളവരാവാതിരിക്കുക.

**(സി)** വിവാഹാവസരത്തിൽ വരന് 18 വയസ്സും വധുവിന് 15 വയസ്സും പൂർത്തിയായിരിക്കുക (പിന്നീടുണ്ടായ ഭേദഗതി മുഖേന ഇത് യഥാക്രമം 21-ഉം 18-ഉം ആയി ഉയർത്തപ്പെട്ടു).

**(ഡി)** രണ്ട് കക്ഷികളും അന്യോന്യം വിവാഹം നിരോധിക്കപ്പെട്ട ബന്ധത്തിലുള്ളവരല്ലാതിരിക്കുക. എന്നാൽ ഉപസമൂഹത്തിലെ ആചാരമോ കീഴ്‌വഴക്കമോ അതനുവദിക്കുന്നുവെങ്കിൽ വിവാഹം സാധുവായിരിക്കും.

ഹിന്ദു വിവാഹത്തിനുള്ള തെളിവിനായി ആർക്കും പരിശോധിക്കാവുന്ന ഹിന്ദു വിവാഹ രജിസ്റ്ററിൽ വിവാഹം രേഖപ്പെടുത്തുന്നതിന് സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് ചട്ടങ്ങൾ നിർമിക്കാവുന്നതാണ്. എന്നാൽ അത്തരം രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല എന്ന കാരണത്താൽ ഒരിക്കലും ഹിന്ദുവിവാഹത്തിനു നിയമസാധുത നഷ്ടപ്പെടുന്നതല്ല.

ആക്ട് മൂലം ഹിന്ദുവിവാഹത്തെ ബാധിച്ച പ്രധാന പരിവർത്തനം ബഹുഭാര്യാത്വ നിരോധനമാണ്. മുമ്പ് ഹിന്ദു പുരുഷന് എത്ര ഭാര്യമാരെ വേണമെങ്കിലും സ്വീകരിക്കാമായിരുന്നു. എന്നാൽ, ഇന്ന് അനിവാര്യ സാഹചര്യത്തിലാണെങ്കിൽ പോലും ഹിന്ദു പുരുഷന് നിയമപ്രകാരം ഒരു രണ്ടാം വിവാഹം സാധ്യമല്ല. ഒന്നുകിൽ ആദ്യഭാര്യയെ വിവാഹമോചനം ചെയ്യണം. അല്ലെങ്കിൽ, നിയമത്തിന്റെ കണ്ണുവെട്ടിക്കണം. സാംക്രമിക രോഗം, മാറാവ്യാധി തുടങ്ങിയ കാരണങ്ങളാൽ ഹിന്ദു സിവിൽ നിയമത്തിൽ വിവാഹമോചനം അനുവദനീയമാണെങ്കിലും കർശനമായ ഒട്ടേറെ ഉപാധികളുണ്ട് അതിന്. ഏതായാലും ജീവകാരുണ്യപരമായ കാരണങ്ങളാൽ ആദ്യബന്ധം നിലനിർത്തിക്കൊണ്ട് അനിവാര്യ സാഹചര്യങ്ങളിൽ രണ്ടാം വിവാഹം, നിലവിലുള്ള ഹിന്ദു വിവാഹ നിയമപ്രകാരം സാധ്യമല്ല. സ്ത്രീ സന്താനോൽപാദന ശക്തിയുള്ളവളല്ലെങ്കിൽ പുരുഷന് രണ്ടാം വേളി സ്മൃതികാരന്മാർ അനുവദിച്ചിരുന്നു. അധിവേദനം എന്നാണിതിന് പേര്. പുതിയ നിയമത്തിൽ ഇതിനു പഴുതില്ല. സ്ത്രീക്ക് സന്തത്യുൽപാദനശേഷിയില്ലെങ്കിൽ ഭർതൃശ്വശുരാദ്യനുമതിയോടെ ഭർത്താവിന്റെ അനുജനെ പ്രാപിക്കാമെന്ന വിചിത്രമായൊരു നിയമവും പ്രാചീന ഹിന്ദുനിയമത്തിലുണ്ടായിരുന്നു. 'നിയോഗ'മെന്നാണ് ഇതിനു പേര്.

നിയമ പുസ്തകത്തിൽ ബഹുഭാര്യാത്വം പാടെ നിരോധിക്കപ്പെട്ടിരുന്നെങ്കിലും ഹിന്ദുക്കൾക്കിടയിലെ ബഹുഭാര്യാത്വത്തിന്റെ അനുപാതം കുറക്കാൻ ഇത് സഹായകമായിട്ടില്ല. മുസ്‌ലിംകളേക്കാൾ ബഹുഭാര്യാത്വ സമ്പ്രദായം കൂടുതലുള്ളത് ഹിന്ദുക്കളിലാണെന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് (ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കൽക്കത്തയിലെ ഡോ. കാന്തി പ്രകാശ് നടത്തിയ പഠനം നോക്കുക. *ഹിന്ദുസ്ഥാൻ ടൈംസ്* 12.12.1969).

വിവാഹം യഥാർഥത്തിൽ നടക്കുകയും ഒരു സ്ത്രീ പരിഗണനീയമായ കാലയളവിൽ പുരുഷനോടൊത്ത് ജീവിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ 'ഹിന്ദുവിവാഹ'ത്തിനുള്ള നിയമാനുസൃതത്വത്തിന് അതുതന്നെ തെളിവായി സ്വീകരിക്കപ്പെടുന്നതാണ്. 'സപ്തപതി' തുടങ്ങിയ വിവാഹത്തോടനുബന്ധിച്ച് ഹൈന്ദവ മതചടങ്ങുകൾ നടന്നിട്ടുണ്ടോ എന്ന് കോടതി പരിഗണിക്കുന്നതല്ല.

ആക്ടിനു മുമ്പ് മാതാവിന് വിവാഹത്തിൽ രക്ഷാകർതൃത്വസ്ഥാനം ഉണ്ടായിരുന്നില്ല. ഇപ്പോൾ മാതൃവഴിക്കുള്ള പിതാമഹനും വിവാഹത്തിലെ നിയമാനുസൃത രക്ഷിതാവായി അംഗീകരിക്കപ്പെടുന്നതാണ്.

## വിവാഹമോചനം

ഹിന്ദുശാസ്ത്രങ്ങൾ വിവാഹമോചനം അംഗീകരിച്ചിരുന്നില്ല. 1955-ലെ ഹിന്ദു വിവാഹ ആക്ട് നടപ്പിലായതോ

ടെയാണ് ഇതിന് മാറ്റം വന്നത്. ആക്ടനുസരിച്ച് താഴെ പറയുന്ന കാരണങ്ങളാൽ കോടതിയിൽനിന്ന് വിവാഹമോചനത്തിന് വിധി സമ്പാദിക്കാവുന്നതാണ്:

1. ദുർനടപ്പോട് കൂടിയ ജീവിതം നയിക്കുക.

2. മതപരിവർത്തനം വഴി ഹിന്ദുമതം ഉപേക്ഷിക്കുക.

3. മാറാത്ത മാനസിക രോഗം ബാധിക്കുക.

4. ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത ഉഗ്രമായ കുഷ്ഠരോഗം ബാധിക്കുക.

5. പകരുന്ന ലൈംഗിക രോഗം ബാധിക്കുക.

6. സന്യസിച്ചുകൊണ്ട് ലോകപരിത്യാഗം ചെയ്യുക.

7. ഏഴു വർഷക്കാലമായി യാതൊരു വിവരവുമില്ലാതിരിക്കുക.

8. കോടതി വിധിയിലൂടെ വേർപിരിക്കപ്പെട്ടത് മുതൽ ഒരു വർഷം ദാമ്പത്യസഹവാസം സ്വീകരിക്കാതിരിക്കുക.

9. ഒരു വർഷത്തേക്ക് ദാമ്പത്യാവകാശം പുനഃസ്ഥാപിക്കാനുള്ള വിധി അനുസരിക്കുന്നതിൽ വീഴ്ച വരിക (മൂന്നു വർഷം എന്നത് പിന്നീട് ഭേദഗതി ചെയ്തതാണിത്. ആക്ടിലെ സെക്ഷൻ 13(1)).

10. രണ്ടു കക്ഷികളും ഒരു വർഷം വേറിട്ടു ജീവിക്കുകയും വിവാഹമോചനത്തിന് ഇരുകൂട്ടർക്കും സമ്മതമുണ്ടായിരിക്കുകയും ചെയ്യുക.

ആക്ടിലെ 'ദുർനടപടി'യെ സംബന്ധിച്ച പരാമർശത്തിൽ പിന്നീട് ഭേദഗതികളുണ്ടായി. ദുർനടപടികൾ നിരന്തരം തുടരുന്നതായി കോടതിയിൽ സ്ഥാപിക്കേണ്ടതുണ്ടായിരുന്നു ആദ്യം. എന്നാൽ ഏറ്റവും ഒടുവിലത്തെ ഭേദഗതിയനുസരിച്ച് ദുർനടപടി ഒരുതവണയുണ്ടായാലും വിവാഹമോചനത്തിനുള്ള കാരണമായി അത് പരിഗണിക്കപ്പെടുന്നതാണ്. ഉഭയസമ്മതപ്രകാരം വിവാഹമോചനത്തിനു കോടതിയിൽ അപേക്ഷ സമർപ്പിച്ചാൽതന്നെയും വിവാഹമോചനത്തിന് ഒരു വർഷം കാത്തിരിക്കണമെന്ന ആക്ടിലെ വ്യവസ്ഥ ആറു മാസമായി പിന്നീട് ചുരുക്കുകയുണ്ടായി.

മുസ്‌ലിം വിവാഹമോചന സമ്പ്രദായം ആവശ്യത്തിലേറെ ഉദാരമാണെന്ന് വിമർശിക്കപ്പെടുമ്പോൾതന്നെ ഹിന്ദു സിവിൽ നിയമത്തിൽ വിവാഹമോചനത്തിന് ചുമത്തപ്പെട്ട നിബന്ധനകൾ ഏറെ കർശനമായിപ്പോയെന്ന പരാതിയുമുണ്ട്. 'അനുവദിക്കപ്പെട്ട കാര്യങ്ങളിൽ ദൈവത്തിങ്കൽ ഏറ്റം അരോചകം' എന്നാണ് വിവാഹമോചനത്തെക്കുറിച്ച് പ്രവാചകൻ പറഞ്ഞിട്ടുള്ളത്. അനുരഞ്ജനത്തിനുള്ള എല്ലാ സാധ്യതകളും ആരാഞ്ഞ ശേഷം അറ്റകൈയായി ചെയ്യേണ്ട കാര്യമാണത്. ദമ്പതികൾ തമ്മിൽ അസ്വാരസ്യമുണ്ടായാൽ ഇരുപക്ഷത്തുനിന്നുമുള്ള മധ്യസ്ഥന്മാർ ഇടപെട്ട് ഒത്തുതീർപ്പിന് ശ്രമിച്ചശേഷമേ വിവാഹമോചന പ്രക്രിയയിലേക്ക് നീങ്ങാവൂ എന്ന് ഖുർആനിൽ വ്യക്തമായ നിർദേശമുണ്ട്. എന്നാൽ ഈവക കാര്യങ്ങൾ ഇന്ന് അവഗണിക്കപ്പെടുകയാണ്. മലേഷ്യയിലും മറ്റും നടപ്പിലുള്ളപോലെ കുടുംബകോടതികൾ സ്ഥാപിക്കുകയാണെങ്കിൽ വിവാഹമോചനത്തിലേക്കുള്ള പെട്ടെന്നുള്ള എടുത്തുചാട്ടം വലിയൊരു പരിധിയോളം നിയന്ത്രിക്കാൻ സാധിക്കും. എന്നാൽ പരസ്പരം പൊരുത്തപ്പെട്ട് പോവാൻ ഒരുവിധത്തിലും കഴിയാത്തവരെ സംബന്ധിച്ചേടത്തോളം വിവാഹമോചനം തന്നെയാണ് യുക്തമായ ഏക പോംവഴി. ഈ പശ്ചാത്തലത്തിൽ ഹിന്ദു വിവാഹമോചനം കുറേക്കൂടി ഉദാരവത്കരിക്കണമെന്ന ആവശ്യം ഇടക്കാലത്ത് ശക്തിപ്പെട്ടുവന്നിട്ടുണ്ട്.

1955-ലെ ഹിന്ദുവിവാഹ ആക്ടിൽ വിവാഹമോചനത്തിന് വകുപ്പുകളുണ്ടെങ്കിലും (സെക്ഷൻ 13,13-എ, 13-ബി) 'അപരിഹാര്യമായ ദാമ്പത്യത്തകർച്ച'കാരണമായി വിവാഹമോചനം അനുവദിച്ചുകൊണ്ട് വിധി നൽകാൻ കോടതികൾക്ക് വിവേചനാധികാരം നൽകുന്നതിനെ സംബന്ധിച്ചേടത്തോളം പ്രസ്തുത ആക്ട് നിശ്ശബ്ദമാണ്. ദമ്പതിമാർ ഒരു വർഷം വേറിട്ടു ജീവിച്ച ശേഷം ഉഭയസമ്മതപ്രകാരം വിവാഹമോചനം തേടിയാൽ കോടതിക്ക് തൽസംബന്ധമായ വിധി പുറപ്പെടുവിക്കാമെന്ന സെക്ഷൻ 13-ബി, 1976-ലാണ് പാസാക്കപ്പെട്ടത്.

'വീണ്ടെടുക്കാൻ കഴിയാത്തവിധം വിവാഹജീവിതം തകരുക' എന്നത് വിവാഹമോചനത്തിനുള്ള 'ന്യായമായ കാരണ'മാണെന്ന് ഇന്ന് പല രാജ്യങ്ങളിലെയും നിയമം അംഗീകരിച്ചുവരികയാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. 1969-ലെ വിവാഹമോചന പരിഷ്കരണ ആക്ട് (ഡൈവോഴ്സ് റിഫോം ആക്ട് 1969)-ന്റെ സ്ഥാനത്ത് ബ്രിട്ടീഷ് പാർലമെന്റ് 1973-ൽ മാട്രിമോണിയൽ കോസസ് ആക്ട് നടപ്പാക്കിയത് മേൽകാരണം അംഗീകരിച്ചുകൊണ്ടായിരുന്നു. എഴുപതുകളിൽ പ്രത്യേക വിവാഹ ആക്ടിനോടൊപ്പം (Special Marriage Act 1954) ഹിന്ദു വിവാഹ ആക്ട് ലോ കമീഷൻ പുനഃപരിശോധിക്കുകയുണ്ടായെങ്കിലും 'ദാമ്പത്യത്തകർച്ച'യുടെ പ്രശ്നം കമീഷന്റെ പരിഗണനയിൽ വരുകയുണ്ടായില്ല. 1978-ൽ മുൻ സുപ്രീംകോടതി ജഡ്ജി മി. എച്ച്.ആർ. ഖന്ന ചെയർമാനായി ജനതാ ഗവൺമെന്റ് നിയമിച്ച നിയമക്കമീഷനാണ് ഈ പ്രശ്നം ആദ്യമായി പരിഗണനയിലെടുത്തത്. '78 മേയിൽ നിയമകാര്യമന്ത്രി ശാന്തിഭൂഷന് സമർപ്പിച്ച 71-ാം റിപ്പോർട്ടിൽ മൂന്ന് പുതിയ വകുപ്പുകൾ കൂടി ഹിന്ദു വിവാഹ ആക്ടിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുകയുണ്ടായി-സെക്ഷൻ 13-സി, സെക്ഷൻ 13-ഡി, സെക്ഷൻ 13-ഇ.

ഭാര്യയും ഭർത്താവും മൂന്നു കൊല്ലം വേറിട്ടു ജീവിച്ചതായി തെളിയിക്കപ്പെടുകയാണെങ്കിൽ വിവാഹമോചനത്തിനനുകൂലമായി വിധി നൽകാൻ അനുവദിക്കുന്നതാണ് സെക്ഷൻ 13-സി.

എതിർകക്ഷിയായി വരുന്ന ഭാര്യ വമ്പിച്ച സാമ്പത്തിക വിഷമം കാരണം വിവാഹഭഞ്ജനത്തെ എതിർക്കുന്ന കേസുകളിൽ വിവാഹമോചനം തിരസ്കരിക്കാനുള്ള വിവേചനാധികാരം കോടതിയുടെ കരങ്ങളിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഭാര്യക്കനുകൂലമായി സുരക്ഷിതത്വം പ്രദാനം ചെയ്യുന്നതാണ് സെക്ഷൻ 13-ഡി.

വിവാഹത്തിൽ ജനിച്ച സന്താനങ്ങൾക്ക് ജീവനാംശം നൽകണമെന്നനുശാസിക്കുന്നു സെക്ഷൻ 13 ഇ. മൈനർമാരായ കുട്ടികൾ, സ്വയം പര്യാപ്തിക്കുള്ള സാമ്പത്തിക വിഭവങ്ങളില്ലാത്ത അവിവാഹിതകളോ വിധവകളോ ആയ പെൺമക്കൾ, സാമ്പത്തികമായി സ്വാശ്രയത്വമില്ലാത്തവരും മാനസികമോ ശാരീരികമോ ആയ ആരോഗ്യപരമായ കാരണങ്ങളാൽ പരിരക്ഷണമാവശ്യമുള്ളവരുമായ സന്തതികൾ എന്നിവർക്ക് ബാധകമാണിത്.

വൈകാരികമായ അടിത്തറ അപ്രത്യക്ഷമായ ശേഷവും നിയമപരമായ ബന്ധം നിലനിർത്തണമെന്നാവശ്യപ്പെടുന്നത് നിയമത്തെ സംബന്ധിച്ചേടത്തോളം യാഥാർഥ്യ ബോധത്തിനു വിരുദ്ധവും സമൂഹത്തെ സംബന്ധിച്ചേടത്തോളം വിനാശകരവും കക്ഷികളുടെ താൽപര്യങ്ങൾക്ക് ഹാനികരവുമാണെന്ന് 'വിവാഹത്തകർച്ചാ തത്ത്വം' ശിപാർശ ചെയ്തുകൊണ്ട് കമീഷൻ അഭിപ്രായപ്പെട്ടത് ശ്രദ്ധേയമാണ്. വീണ്ടെടുക്കാൻ കഴിയാത്തവിധം ബന്ധം തകർന്നതായി തെളിയിക്കപ്പെട്ട ശേഷവും നിയമപരമായ പാശം അടിച്ചേൽപിക്കപ്പെടുന്നത് ക്രൂരതയാണെന്നും അത് കുറ്റകൃത്യത്തിനും വിവാഹമോചനാവശ്യാർഥം മതത്തെ ദുരുപയോഗപ്പെടുത്തുന്നതിനുപോലും വഴിവെക്കുമെന്നും പ്രമുഖനായൊരു ജഡ്ജി കമീഷനോട് പറയുകയുണ്ടായത്രെ (*ഇന്ത്യൻ എക്സ്പ്രസ്* 15.5.'78). മുസ്‌ലിം കളുടെയും ക്രിസ്ത്യാനികളുടെയും

പാർസികളുടെയും വിവാഹനിയമങ്ങൾ 'ഹിന്ദുനിയമത്തേക്കാൾ കൂടുതൽ എളുപ്പത്തിൽ വിവാഹമോചനം അനുവദിക്കുന്ന'ത് അദ്ദേഹം ചൂണ്ടിക്കാട്ടി. "ഹിന്ദുക്കൾ മാത്രമാണ് കർശനമായ നിബന്ധനകൾക്ക് വിധേയമാക്കപ്പെട്ടിട്ടുള്ളത്. പലപ്പോഴും അവർ മതപരിവർത്തനത്തിൽ അഭയം തേടുകയാണ്. വ്യക്തിജീവിതത്തിലെ ഈ സാമൂഹിക വിവേചനം നിർമൂലനം ചെയ്യപ്പെടേണ്ടതാണ്; മിക്ക ഹിന്ദുവിവാഹങ്ങളും കക്ഷികളുടെ സമ്മതം പരിഗണിക്കാതെ ചെറുപ്രായത്തിലാണ് നടക്കുന്നതെന്നതും അതിനാൽ പിന്നീടത് തകരുകയാണെന്നതും ഒരു വസ്തുതയാണ്. ഈ വശം വീക്ഷിക്കുമ്പോൾ വിശേഷിച്ചും പ്രസ്തുത വിവേചനം അവസാനിപ്പിക്കേണ്ടതാണ്"– അദ്ദേഹം കമീഷനോട് തുറന്നു പറഞ്ഞു. ഫലത്തിൽതന്നെ പ്രവർത്തനരഹിതമായത് (de facto) നിയമപരമായും (De jure) പ്രവർത്തനരഹിതമാണെന്ന് പ്രഖ്യാപിക്കാൻ പൊതുതാൽപര്യം മുൻനിർത്തി കോടതിക്ക് അധികാരം നൽകണമെന്നാണ് കമീഷന്റെയും വീക്ഷണം.

### ദത്ത്

ദത്തെടുക്കൽ സമ്പ്രദായം പ്രാചീനകാലത്തേ ഇന്ത്യയിൽ നിലനിന്നിരുന്നു. എന്നാൽ ഹിന്ദു ആചാര നിയമപ്രകാരം അവിവാഹിതയായൊരു ഹിന്ദു സ്ത്രീക്ക് ആൺകുട്ടിയെ ദത്തെടുക്കാൻ അവകാശമുണ്ടായിരുന്നില്ല. ഭർത്താവിന്റെ മരണത്തിനു മുമ്പ് അയാളിൽനിന്നുള്ള വ്യക്തമായ സമ്മതത്തിന്റെ അഭാവത്തിൽ വിധവക്കും ആൺകുട്ടിയെ ദത്തെടുക്കൽ വിലക്കപ്പെട്ടിരുന്നു. ഭർത്താവ് ജീവിച്ചിരിപ്പുണ്ടെങ്കിൽ ഭാര്യക്കും ദത്തെടുക്കാവതല്ല. 'സ്മൃതികൾ' ഭർത്താവിനല്ലാതെ ഭാര്യക്ക് ഈ അവകാശം നൽകുന്നില്ല. 1956–ലെ ഹിന്ദു ദത്ത് സംരക്ഷണ ആക്ട് (Hindu Adoption and Maintenance Act 1956) നടപ്പാക്കിയതോടെയാണ് ദത്തെടുക്കാനുള്ള സ്ത്രീയുടെ അയോഗ്യതകൾ റദ്ദാക്കപ്പെട്ടത്. ഈ ആക്ട് വരുത്തിയ മാറ്റങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. ധർമശാസ്ത്രങ്ങളനുസരിച്ച് ഒരു ആൺകുട്ടിയെ ദത്തെടുക്കാൻ ആക്ടിനുമുമ്പ് ഭർത്താവിന് ഭാര്യയുടെ സമ്മതം ആരായേണ്ടതില്ലായിരുന്നു. എന്നാൽ, ഭാര്യയുടെ സമ്മതം ഇന്നതിനു നിർബന്ധമാണ്.

2. പഴയ ഹിന്ദു ആചാര നിയമപ്രകാരം വിധവക്ക് ദത്തെടുക്കണമെങ്കിൽ ഭർത്താവിന്റെ മരണത്തിനുമുമ്പ് അയാളുടെ സമ്മതം നേടിയെടുക്കേണ്ടതുണ്ടായിരുന്നു. ആക്ട് നിലവിൽവന്നതോടെ ഈ തടസ്സം നീങ്ങി.

3. മുമ്പ് വിവാഹിതകൾക്ക് ദത്തവകാശമില്ലായിരുന്നു. ഇന്നതിനു വിവാഹിതയെന്നോ അവിവാഹിതയെന്നോ ഉള്ള വിവേചനമില്ല.

4. ആക്ടനുസരിച്ച് ഭർത്താവ് സന്യസിക്കുകയോ ഹിന്ദുമതം ഉപേക്ഷിക്കുകയോ മാനസിക രോഗിയാണെന്ന് തെളിയിക്കപ്പെടുകയോ ചെയ്താൽ ഭർതൃസമ്മതമില്ലാതെതന്നെ ഭാര്യക്ക് കുട്ടികളെ ദത്തെടുക്കാൻ പൂർണാവകാശമുണ്ടായിരിക്കും. 1956–ന് മുമ്പത്തെ സ്ഥിതി ഇതായിരുന്നില്ല.

5. പഴയ ഹിന്ദു നിയമപ്രകാരം ദത്തെടുക്കപ്പെടുന്ന സന്തതിയെ മറ്റൊരു കുടുംബത്തിന് നൽകാൻ പൂർണമായ അധികാരാവകാശങ്ങൾ അഛനിൽ മാത്രം നിക്ഷിപ്തമായിരുന്നു. ഇന്ന് അമ്മയുടെ സമ്മതം കൂടി ഇതിന്നാവശ്യമാണ്.

6. മുമ്പ് പെൺകുട്ടികളെ യാതൊരു വിധേനയും ദത്തെടുക്കാനോ കൊടുക്കാനോ പാടുണ്ടായിരുന്നില്ല. അത്തരം ദത്ത് കോടതി അംഗീകരിക്കുകയോ തദനുസാരമുള്ള പിന്തുടർച്ചാവകാശം വകവെച്ചുകൊടുക്കുകയോ ചെയ്തിരുന്നില്ല. 1956–ന് ശേഷമാണ് ഈ നിലക്ക് മാറ്റംവന്നത്. ഇന്ന് ദത്ത് പുത്രിക്ക് യഥാർഥ പുത്രിയെപ്പോലെ തന്നെ പിന്തുടർച്ചാവകാശം ലഭിക്കുന്നതാണ്.

7. ആക്ടിനുമുമ്പ് ഒരു വിധവ ആൺകുട്ടിയെ ദത്തെടുക്കുകയും അത് സാധുവായി പ്രഖ്യാപിക്കപ്പെടാൻ ആഗ്രഹിക്കുകയുമാണെങ്കിൽ ഭർത്താവിൽനിന്നുള്ള തന്റെ ദായധനാവകാശം ഉപേക്ഷിക്കേണ്ടതുണ്ടായിരുന്നു. ഇന്നതാവശ്യമില്ല.

8. ദത്ത് സാധുവാകണമെങ്കിൽ ഹിന്ദു ശാസ്ത്രപ്രകാരം 'ദത്താഹോമം' എന്ന മതചടങ്ങ് നടത്തേണ്ടതുണ്ട്. ശാസ്ത്രങ്ങൾ ഇതിന് സ്ത്രീക്കനുവാദം നൽകുന്നില്ല. ഇക്കാരണത്താലായിരുന്നു ദത്തെടുക്കൽ സ്ത്രീകൾക്ക് തടയപ്പെട്ടിരുന്നത്. ഇന്ന് ദത്ത് സാധുവാകാൻ ഇത്തരം മതചടങ്ങുകളൊന്നും ആവശ്യമില്ല.

ഇസ്‌ലാമിന് മുമ്പ് അറേബ്യൻ ജനതയിലും ദത്ത് സമ്പ്രദായം നിലവിലുണ്ടായിരുന്നു. ദത്ത് സന്തതിയെ ഔരസന്തതിയെപ്പോലെയായിരുന്നു അറബികൾ പരിഗണിച്ചിരുന്നത്. പിന്തുടർച്ചാവകാശം, വിവാഹനിയമങ്ങൾ എന്നിവയിലെല്ലാം യഥാർഥ സന്തതികളുടെ സ്ഥാനം തന്നെയായിരുന്നു അവർക്ക്. ഉദാഹരണത്തിന്, ദത്തെടുത്ത പിതാവിന്റെ മകളെ ദത്ത് പുത്രൻ വേൾക്കാൻ പാടില്ലായിരുന്നു. ദത്ത് പുത്രന്റെ ഭാര്യ അവന്റെ മരണശേഷവും വിവാഹമോചനത്തിനു ശേഷവും 'പിതാവി'ന് അവൾ വിലക്കപ്പെട്ടവളായിത്തുടരും. യഥാർഥ മക്കളോടൊപ്പംതന്നെ ദത്ത് സന്താനങ്ങൾക്കും പിന്തുടർച്ചാവകാശം ലഭിക്കും. ഒരു കൃത്രിമ ബന്ധത്തിന് പ്രകൃത്യായുള്ള രക്തബന്ധത്തിന്റെ സ്ഥാനം നൽകുന്നതിന്റെ അർഥശൂന്യത കണക്കിലെടുത്ത് ഈ ആചാരം പിന്നീട് ഇസ്‌ലാം നിരോധിക്കുകയുണ്ടായത് (ഖുർആൻ 33:4,5). കുടുംബജീവിതത്തിൽ പാലിക്കപ്പെടേണ്ട ധാർമിക മൂല്യങ്ങൾക്ക് ഹാനി സംഭവിക്കാനുള്ള ആശങ്കയും പ്രസ്തുത സമ്പ്രദായത്തിലുണ്ട്. ഒരു ദത്ത് പുത്രനും യഥാർഥ പുത്രിയും തമ്മിലുള്ള സ്വതന്ത്രമായ സമ്പർക്കത്തിൽ സാഹോദര്യത്തിന്റെ വിശുദ്ധി എപ്പോഴും പാലിക്കപ്പെട്ടുകൊള്ളണമെന്നില്ല.

ദത്ത് സമ്പ്രദായത്തിന്റെ മനഃശാസ്ത്ര വശവും ഇവിടെ പരിഗണിക്കപ്പെടേണ്ടതുണ്ട്. അനാഥകൾ മാത്രമല്ല ദത്തെടുക്കപ്പെടാൻ ഇന്ത്യൻ നിയമം അനുവദിക്കപ്പെട്ടിട്ടുള്ളത്. അഛനമ്മമാരുടെ കുട്ടിയെയും ഇന്ത്യൻ നിയമപ്രകാരം ദത്തെടുക്കാവുന്നതാണ്. വൈകാരിക ബന്ധങ്ങളിലെ ഈ കൃത്രിമാവരണം പൊഴിഞ്ഞുവീഴുമ്പോൾ ദത്തെടുക്കപ്പെട്ടവന് യഥാർഥ അഛനമ്മമാരോടുള്ള മനോഭാവം എന്തായിരിക്കും? സന്താന ഭാഗ്യമില്ലാത്തവരാണ് ദത്തെടുക്കാറുള്ളതെന്ന് ചൂണ്ടിക്കാണിക്കപ്പെടാം (നിയമത്തിൽ അങ്ങനെയൊരു ഉപാധിയില്ല). എന്നാൽ ദത്തെടുത്ത ശേഷം സന്താനങ്ങളുണ്ടായാലും തുല്യപെരുമാറ്റം പ്രതീക്ഷിക്കാൻ കഴിയുമോ? നിലവിലുള്ള നിയമപ്രകാരം ദത്തുപുത്രനും പിന്തുടർച്ചാവകാശം സിദ്ധിക്കുമെന്നു കൂടി ഓർക്കണം. തന്റെ യഥാർഥ സഹോദരനല്ലാത്ത ഒരു 'അന്യൻ' സ്വന്തം അവകാശത്തിൽ പങ്കുചേരുന്നത് മരിച്ച വ്യക്തിയുടെ യഥാർഥ അവകാശികൾ എത്രമാത്രം ഇഷ്ടപ്പെടും? പിന്നീട് മാനസിക പിരിമുറുക്കങ്ങൾക്കും ഛിദ്രതക്കും പഴുതില്ലാതാക്കാനാണ് ദത്ത് സമ്പ്രദായം നിരോധിച്ചത്. അവർക്ക് യഥാർഥ സന്തതികളുടെ നിയമപരമായ പദവിയോ അവകാശങ്ങളോ കിട്ടുകയില്ലെന്നാണ് ഇതിനർഥം. സന്താനങ്ങളില്ലാത്തവർ കുട്ടികളെ സ്വന്തം സംരക്ഷണത്തിൽ വളർത്തുന്നതിന് ഇത് തടസ്സമല്ല. പക്ഷേ, അവരുടെ യഥാർഥ പിതാക്കളിലേക്ക് ചേർത്തല്ലാതെ അവർ വിളിക്കപ്പെടരുതെന്ന് മാത്രം. അത്തരം കുട്ടികൾക്ക് സ്വത്തിൽനിന്ന് ഔസ്യത്ത് ചെയ്യാനും ഇസ്‌ലാമിക നിയമത്തിൽ വ്യവസ്ഥയുണ്ട്. അനാഥ സംരക്ഷണമാണെങ്കിൽ ഇസ്‌ലാമിൽ ഏറ്റവും മഹത്തായൊരു പുണ്യകർമവുമാണല്ലോ. ■